**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140** **15-03-2022 - ൽ മറുപടിയ്ക്ക്**

**നാണ്യവിളകൾക്ക് തറവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏലം, തേയില, റബ്ബർ, കുരുമുളക് മുതലായ നാണ്യവിളകളുടെ വിലയിലുണ്ടാകുന്ന ചാഞ്ചാട്ടം ഇവയുടെ കൃഷി അനാകർഷമാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ; | (എ) | നാണ്യവിളകളുടെ തറവില നിശ്ചയിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അനുകൂലമായ മറുപടി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല . |
| (ബി) | റബ്ബർ വില തകർച്ചകൊണ്ട് പ്രതിസന്ധിയിലായ കർഷകരെ ചൂഷണം ചെയ്തുകൊണ്ട് എം.ആർ.എഫ്. പോലുള്ള വൻകിട ടയർ കമ്പനികൾ കർഷകർക്ക് കുറഞ്ഞ പലിശക്ക് ലഭിക്കേണ്ട വായ്പ തട്ടിയെടുത്തതായ വാർത്തയുടെ അടിസ്ഥാനത്തിൽ അവർക്കെതിരെ കർശന നടപടിയെടുക്കാനും ഉപഭോക്താക്കളെ വഞ്ചിച്ചതിന് കോംപറ്റീഷൻ കമ്മീഷൻ ചുമത്തിയ പിഴ ഈടാക്കി കർഷകർക്ക് നഷ്ടപരിഹാരമായി നൽകാനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) | ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | കേന്ദ്ര സർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശത്തോടും തോട്ടവിള വികസന നിയമത്തിലെ കരട് വ്യവസ്ഥകളോടുമുള്ള സംസ്ഥാനത്തിന്റെ പ്രതികരണം അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശങ്ങളിലും കരട് സുഗന്ധദ്രവ്യ പ്രോത്സാഹന വികസന നിർദ്ദേശങ്ങളിലും കേരള സർക്കാരിന്റെ വ്യക്തമായ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരട് നിയമത്തിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചതി നോടൊപ്പം റബ്ബർ, സുഗന്ധ വിളകൾ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന വ്യവസ്ഥ കളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടത് എന്നും അഭ്യർത്ഥി ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ